# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം
2013 ഫെബ്രുവരി 13, ബുധൻ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 290)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി | 2230 മുതൽ 2350 വരെ |
| സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി | 2351 മുതൽ 2389 വരെ |
| ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി | 2390 മുതൽ 2469 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | 2470 മുതൽ 2519 വരെ |

### വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പുന:സംഘടനാ പദ്ധതി നടപ്പാക്കാനുള്ള സന്നദ്ധത

2230 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, വി. ശശി
,, കെ. അജിത്
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും**
വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പുന:സംഘടനാ പദ്ധതി നടപ്പാക്കിയാൽ വർഷംതോറും വൈദ്യുതി നിരക്ക് പുതുക്കൽ, വിതരണ മേഖലയിൽ സ്വകാര്യ പങ്കാളിത്തം തുടങ്ങി മറ്റെന്തെല്ലാം വിഷയങ്ങൾ കൂടി നടപ്പാക്കേണ്ടിവരുമെന്ന് വിശദമാക്കുമോ;

(ബി) വൈദ്യുതി ബോർഡ് കമ്പനിയാക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 13.02.2013-ലെ മറുപടിക്ക്

വൈദ്യുതി ബോര്‍ഡിന്റെ സാമ്പത്തിക പുന:സംഘടന

2231 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

വൈദ്യുതി ബോര്‍ഡിന്റെ സാമ്പത്തിക പുന:സംഘടനയ്ക്കുള്ള എന്തെല്ലാം പദ്ധതികളാണ് കേന്ദ്ര ഊര്‍ജ്ജ മന്ത്രാലയത്തെ സംസ്ഥാന സര്‍ക്കാര്‍ അറിയിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ബോർഡിന്റെ കമ്പനിവൽക്കരണം</u>

2232 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ കമ്പനിവൽക്കരണം സംബന്ധിച്ച തീരുമാനം ഏതു ഘട്ടത്തിലാണ്;

(ബി) കമ്പനിവൽക്കരണം സംബന്ധിച്ച് കേന്ദ്ര സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ട് സംസ്ഥാന വൈദ്യുതി വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(സി) ഇന്ത്യയിൽ എത്ര സംസ്ഥാനങ്ങളിൽ വൈദ്യുതി ബോർഡ് കമ്പനിയാക്കിയിട്ടുണ്ട്;

(ഡി) വൈദ്യുതി ബോർഡ് പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; റവന്യൂ വരുമാനത്തിൽ നിന്നുമാണോ പെൻഷൻ ചെലവ് വഹിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ;

(ഇ) കമ്പനിവൽക്കരണത്തെ സംബന്ധിച്ച് ഉപഭോക്താക്കളുടെ അഭിപ്രായം തേടിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

കെ.എസ്.ഇ.ബിയിൽ കരാർ അടിസ്ഥാനത്തിൽ പ്രവൃത്തികൾ

2233 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ സിവിൽ മേഖലയിലും ഇലക്ട്രിക്ക് മേഖലയിലും കരാറടിസ്ഥാനത്തിൽ പ്രവൃത്തികൾ ഏറ്റെടുക്കാറുണ്ടോ;

(ബി) ഇതിനായി 2012-13 സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ ഊർജ്ജാവശ്യം</u>

2234 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആകെ ഊർജ്ജാവശ്യം എത്രയെന്നും ഇതിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതും കേന്ദ്ര പൂളിൽ നിന്നും ലഭിക്കുന്നതും എത്രയെന്നും വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയിൽ ജലവൈദ്യുതിയുടെയും പാരമ്പര്യേതര ഊർജ്ജ ഉല്പാദനത്തിന്റെയും കണക്ക് പ്രത്യേകം പ്രത്യേകം വെളിപ്പെടുത്താമോ;

(സി) പാരമ്പര്യേതര ഊർജ്ജോത്പാദനത്തിൽ, സൗരോർജ്ജത്തിൽ നിന്നും, കാറ്റിൽ നിന്നും എത്രവീതം വൈദ്യുതി ഉല്പാദിപ്പിക്കുന്നു എന്നും നിലവിൽ സംസ്ഥാന ആവശ്യത്തിന്റെ എത്ര ശതമാനമാണെന്നും, സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നതിന്റെ എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ;

(ഡി) കൂടുതൽ വൈദ്യുതി ഉപയോഗം നടത്തുന്ന സിവിൽ സ്റ്റേഷനുകൾ, ആശുപത്രികൾ തുടങ്ങിയവയെ സൗരോർജ്ജത്തിലേക്ക് മാറ്റാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ പ്രതിദിനം ആവശ്യമുള്ള വൈദ്യുതി</u>

2235 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രതിദിനം എത്ര മെഗാവാട്ട് വൈദ്യുതിയാണ് പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള വടക്കൻ ജില്ലകളിലേയ്ക്ക് ആവശ്യമുള്ളത്;

(ബി) പ്രഖ്യാപിതവും അപ്രഖ്യാപിതവുമായി മൂന്നു മണിക്കൂറോളം ലോഡ്ഷെഡ്ഡിങ് തുടരുന്നതിനിടെ സബ്-സ്റ്റേഷനുകളുടെ അറ്റകുറ്റപ്പണിയുടെ മറവിൽ വടക്കൻ ജില്ലകളിൽ 2013 ജനുവരി 28 മുതൽ വൈദ്യുതിസ്തംഭനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മാടക്കത്ര 400 കെ.വി. സബ്-സ്റ്റേഷനിൽ നിന്നും വടക്കൻ ജില്ലകളിലേയ്ക്കുള്ള രണ്ട് 220 കെ.വി. ലൈനുകളിലെ അറ്റകുറ്റപ്പണിയുടെ പേരിലാണോ 2013 ജനുവരി 28 മുതൽ ഒരു മാസം പകൽ വൈദ്യുതിനിയന്ത്രണം ഏർപ്പെടുത്തിയത്; വിശദമാക്കുമോ;

(ഡി) അറ്റകുറ്റപ്പണിയുടെ പേരിൽ അരീക്കോട് 220 കെ.വി. ലൈനിലേയ്ക്കും, ഷൊർണ്ണൂർ 220 കെ.വി. ലൈനിലേയ്ക്കും വിതരണം നിർത്തുന്നതോടെ എത്ര മെഗാവാട്ട് വൈദ്യുതിയാണു മുടങ്ങുന്നത്; പരീക്ഷക്കാലത്ത് ലോഡ്ഷെഡ്ഡിങ് പിൻവലിക്കില്ലെന്ന വൈദ്യുതി വകുപ്പിന്റെ പ്രഖ്യാപനത്തിനു പിന്നാലെ പകൽ മുഴുവൻ ലൈൻ ഓഫാക്കിയിട്ട് വടക്കൻ ജില്ലകളിലെ ജനങ്ങളെ ദ്രോഹിക്കുന്ന വൈദ്യുതി വകുപ്പിന്റെ ഈ നടപടി പുന:പരിശോധിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നു വ്യക്തമാക്കുമോ;

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

(ഇ) ഒരു സബ്-സ്റ്റേഷനിലെ പണിക്കായി ലൈൻ ഓഫാക്കുമ്പോൾ അടുത്ത സബ്-സ്റ്റേഷനിൽ നിന്ന് വൈദ്യുതി എടുത്താണ് (ബാക്ക് ഫീഡിങ്) സ്തംഭനം ഒഴിവാക്കാറുള്ളതെന്ന വസ്തുത ഇപ്പോൾ എന്തുകൊണ്ട് വടക്കൻ ജില്ലകളിൽ പാലിക്കുന്നില്ലായെന്നു വിശദമാക്കുമോ;

(എഫ്) സംസ്ഥാനത്തെ എത്ര സബ്-സ്റ്റേഷനുകളിലാണ് വർഷകാലത്തിനു മുന്നോടിയായി വാർഷിക അറ്റകുറ്റപ്പണി തുടങ്ങിയിട്ടുള്ളത്; ആയത് എപ്പോൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ഉപഭോക്താക്കൾക്ക് പുറത്തുനിന്ന്
വൈദ്യുതി വാങ്ങുന്നതിന് സംവിധാനം</u>

2236 ശ്രീ. പാലോട് രവി
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോക്താക്കൾക്ക് പുറത്തുനിന്ന് വൈദ്യുതി വാങ്ങുന്നതിന് സംവിധാനമേർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എവിടെനിന്നെല്ലാമാണ് ഇങ്ങനെ വൈദ്യുതി വാങ്ങാൻ കഴിയുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ഉത്പാദനവും സംസ്ഥാനത്തിനു പുറത്തുനിന്ന് വാങ്ങിയ വൈദ്യുതിയും</u>

2237 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉത്പാദിപ്പിച്ചുവെന്നു വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിനു പുറത്തുനിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഈ സർക്കാർ അധികാരമേറ്റതിനുശേഷം വിലകൊടുത്തു വാങ്ങിയെന്നും, ആയതിന്റെ വില യൂണിറ്റിന് എത്രയെന്നും, അതു സംബന്ധിച്ചുള്ള മറ്റെല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(സി) ആയതിനായി സർക്കാർ ആകെ വിനിയോഗിച്ച തുക എത്രയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ഉല്‍പ്പാദനം</u>

2238 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം എത്രയൂണിറ്റ് വൈദ്യുതി പുതിയതായി ഉല്‍പ്പാദിപ്പിക്കുവാന്‍ കഴിഞ്ഞിട്ടുണ്ടെന്നുള്ള വിവരം നല്‍കുമോ;

(ബി) മുന്‍ സര്‍ക്കാര്‍ കമ്മീഷന്‍ ചെയ്യുന്നതിനായി പണിപൂര്‍ത്തീകരിച്ചിരുന്ന റാന്നി, പെരിനാട് പദ്ധതികളില്‍ നിന്നല്ലാതെ മറ്റേതെങ്കിലും പുതിയ പദ്ധതികളില്‍ നിന്ന് പുതിയതായി വൈദ്യുതി ഉല്‍പ്പാദിപ്പിക്കുവാന്‍ കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ഉൽപ്പാദന രംഗത്ത് പുതിയ പദ്ധതി</u>

2239 ശ്രീ. എ. കെ. ബാലൻ
,, രാജു എബ്രഹാം
,, ബി. ഡി. ദേവസ്സി
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വൈദ്യുതി ഉൽപാദനരംഗത്ത് ഏതെങ്കിലും പുതിയ പദ്ധതികളോ നിലവിലുള്ള പദ്ധതികളുടെ വിപുലീകരണമോ ഏറ്റെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ, അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) മുൻ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയ ഇത്തരത്തിൽപ്പെട്ട എത്ര പദ്ധതികളാണ് ഇപ്പോൾ നടപ്പിലിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് എത്ര മെഗാവാട്ട് ഉൽപാദന ശേഷി വർദ്ധന കൈവരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; ഇതിൽ, എത്ര പുതിയ പദ്ധതികൾ ഉൾപ്പെടുമെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>നടക്കാതെപോയ ജലവൈദ്യുതപദ്ധതി നിര്‍ദ്ദേശങ്ങള്‍</u>

2240 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
,, എം. ചന്ദ്രന്‍
,, എസ്. രാജേന്ദ്രന്‍
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനം വിഭാവനം ചെയ്തിരുന്ന ഏതെല്ലാം ജലവൈദ്യുതപദ്ധതി നിര്‍ദ്ദേശങ്ങളാണ് വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ എതിര്‍പ്പിനെ ത്തുടര്‍ന്ന് നടക്കാതെപോയിട്ടുള്ളതെന്നു വിശദമാക്കുമോ;

(ബി) കേരളത്തില്‍ ഉപേക്ഷിക്കുകയോ, നടപ്പാക്കാന്‍ കഴിയാതെപോയതോ ആയ ഏതെങ്കിലും പദ്ധതി സംബന്ധിച്ച് ഇപ്പോഴത്തെ വൈദ്യുതിപ്രതിസന്ധിയുടെ പശ്ചാത്തലത്തില്‍ പുന:പരിശോധന നടത്താന്‍ സര്‍ക്കാര്‍ ആലോചിക്കുന്നുണ്ടോ;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയുടെ കുറവാണ് ഇപ്പോള്‍ സംസ്ഥാനം നേരിടുന്നത്;

(ഡി) വിഭാവനം ചെയ്തതിനുശേഷം ഉപേക്ഷിക്കപ്പെട്ട ജലവൈദ്യുത പദ്ധതി നിര്‍ദ്ദേശങ്ങള്‍ എത്ര മെഗാവാട്ടിന്റേതായിരുന്നു?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ചെറുകിട ജലവൈദ്യുത പദ്ധതികൾ</u>

2241 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
'' എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ചെറുകിട ജല വൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ടെന്ന കാര്യം വിശദമാക്കാമോ;

(ബി) കമ്മീഷൻ ചെയ്ത ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പേരുവിവരവും ഉദ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവും വ്യക്തമാക്കാമോ;

(സി) നിർമ്മാണത്തിലിരിക്കുന്ന ചെറുകിട ജല വൈദ്യുത പദ്ധതികളുടെ പേരും അവയിൽ നിന്നും പ്രതീക്ഷിക്കുന്ന വൈദ്യുതിയുടെ തോതും അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ എന്ന് കമ്മീഷൻ ചെയ്യുമെന്ന് അറിയിക്കാമോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് പുതുതായി ഉത്പാദിപ്പിച്ച വൈദ്യുതിയുടെ കണക്ക്</u>

2242 ശ്രീ. എ. കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് (2006-11) എത്ര യൂണിറ്റ് വൈദ്യുതിയാണ് പുതുതായി ഉത്പാദിപ്പിച്ചത്; ഓരോ പദ്ധതിയുടെയും പേരും, ഉത്പാദനശേഷിയും, കമ്മീഷന്‍ ചെയ്ത തീയതിയും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് നിര്‍മ്മാണമാരംഭിച്ച എത്ര പദ്ധതികള്‍ ഈ സര്‍ക്കാര്‍ വന്നതിനുശേഷം ഉദ്ഘാടനം/കമ്മീഷന്‍ ചെയ്തിട്ടുണ്ട്; പദ്ധതിയുടെ പേരും, ഉത്പാദനശേഷിയും, ഉദ്ഘാടനം ചെയ്ത തീയതിയും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് വൈദ്യുതിയുത്പാദനത്തിന് ഏതെങ്കിലും പുതിയ പദ്ധതികള്‍ക്കു രൂപം നല്‍കിയിരുന്നുവോ; പദ്ധതിയുടെ പേരും, ഉത്പാദനശേഷിയും വ്യക്തമാക്കുമോ; ഇതില്‍ ഏതെങ്കിലും പദ്ധതികള്‍ക്ക് അനുമതി ലഭിച്ചിരുന്നുവോ; ഈ സര്‍ക്കാര്‍ വന്നതിനുശേഷം ഇതില്‍ ഏതെങ്കിലും പദ്ധതികളുടെ നിര്‍മ്മാണം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഈ സര്‍ക്കാര്‍ വന്നതിനുശേഷം വൈദ്യുതിയുത്പാദനത്തിനായി പുതുതായി എത്ര പദ്ധതികള്‍ ആരംഭിച്ചു; എത്ര യൂണിറ്റ് വൈദ്യുതിയുത്പാദനമാണ് ലക്ഷ്യമിടുന്നത്; ഓരോ പദ്ധതിയുടെയും വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(ഇ) വൈദ്യുതിയുത്പാദനമേഖലയില്‍ രൂപം നല്‍കാന്‍ പോകുന്ന പുതിയ പദ്ധതികള്‍ ഏതെല്ലാമാണെന്നു വിശദമാക്കുമോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്
കായംകുളം താപനിലയത്തിന്റെ പ്രവര്‍ത്തനം

2243 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അച്ചന്‍കോവിലാറിന്റെ ജലനിരപ്പ് ഇപ്പോള്‍ എത്ര അടിയാണ്; പ്രസ്തുതജലനിരപ്പ് താഴ്ന്നത് കായംകുളം താപനിലയത്തിന്റെ പ്രവര്‍ത്തനത്തെ ബാധിക്കുമെന്നു കരുതുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ജലനിരപ്പ് എത്ര അടി കൂടി താഴ്ന്നാല്‍ നിലയത്തിന്റെ പ്രവര്‍ത്തനം നിര്‍ത്തേണ്ടിവരുമെന്നാണു വൈദ്യുതി വകുപ്പ് കണക്കാക്കുന്നത്; വിശദമാക്കുമോ;

(സി) വൈദ്യുതിക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈയവസരത്തില്‍, ഇപ്പോള്‍ മുഖ്യമായും ആശ്രയിക്കുന്ന കായംകുളം താപനിലയത്തിന്റെ പ്രവര്‍ത്തനം കൂടി നിര്‍ത്തേണ്ടിവന്നാല്‍ പ്രതിസന്ധി രൂക്ഷമാകുമെന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത താപനിലയത്തിന്റെ ശേഷി നിലവില്‍ എത്ര മെഗാവാട്ടാണ്; ആയതില്‍ നിന്നും വൈദ്യുതി വകുപ്പ് എത്ര മെഗാവാട്ട് വൈദ്യുതി വാങ്ങുന്നു; ഇതിനു പ്രതിമാസം ചെലവാകുന്ന തുകയെത്ര; യൂണിറ്റിന് എത്ര രൂപ നിരക്കില്‍; വിശദമാക്കുമോ;

(ഇ) പ്രതിദിനം എത്ര ലിറ്റര്‍ വെള്ളമാണ് പ്രസ്തുത താപനിലയത്തിന് ആവശ്യമായി വരുന്നത്;

(എഫ്) 1999-ല്‍ നിലയം പ്രവര്‍ത്തനം തുടങ്ങിയശേഷം അച്ചന്‍കോവിലാറ്റില്‍ ജലനിരപ്പ് ഇത്രയധികം താഴ്ന്നത് ആദ്യമായിട്ടാണോ; ജലനിരപ്പ് താഴ്ന്നാല്‍ വെള്ളത്തില്‍ ഉപ്പിന്റെ അംശം വര്‍ദ്ധിക്കാന്‍ സാദ്ധ്യതയുണ്ടോ; ഇതു താപനിലയത്തിന്റെ പ്രവര്‍ത്തനത്തെ സാരമായി ബാധിക്കുമോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>ഡീസൽ വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി</u>

2244 ശ്രീ. വി.എസ്. സുനിൽകുമാർ
,, കെ. അജിത്
,, വി. ശശി
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽ ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന വൈദ്യുതി നിലയങ്ങളിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ അളവ് എത്ര, എത്ര രൂപയാണ് ഒരു യൂണിറ്റിന് നൽകിയിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഡീസൽ വില വർദ്ധനവിനെ തുടർന്ന് ഈ വൈദ്യുതിയുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ വില വർദ്ധനവിനെ തുടർന്ന് പ്രതിദിനം എത്ര രൂപ അധികമായി വൈദ്യുതി ബോർഡിന് കണ്ടെത്തേണ്ടതായിട്ടുണ്ട്; ഈ നഷ്ടം നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിൽ സൗരോർജ്ജ പ്ലാന്റ് കേന്ദ്രങ്ങൾ</u>

2245 ശ്രീ. ആർ. സെൽവരാജ്
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ സൗരോർജ്ജ പ്ലാന്റ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ; വിശദമാക്കുമോ;

(ബി) പ്ലാന്റുകളുടെ സവിശേഷതകൾ എന്തെല്ലാം ; വിശദമാക്കുമോ;

(സി) പ്ലാന്റുകളുടെ നിർമ്മാണത്തിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിരിക്കുന്നത് ;

(ഡി) ഇതിനായി, എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നത് ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് കൊറിയൻ കമ്പനിയുമായി കരാർ</u>

2246 ശ്രീ. ഇ.പി. ജയരാജൻ
,, കെ. ദാസൻ
,, എം. ഹംസ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് കൊറിയൻ കമ്പനിയുമായി കരാറിൽ ഏർപ്പെടാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഈ കമ്പനിയുടെ സൗരോർജ്ജ ഉൽപാദനരംഗത്തെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കമ്പനിയുടെ സാങ്കേതിക കഴിവുകൾ എന്തൊക്കെയാണെന്നാണ് പരിശോധനയിൽ മനസ്സിലാക്കിയിട്ടുള്ളത്; വെളിപ്പെടുത്താമോ;

(സി) സാങ്കേതിക വിദ്യ മറ്റേതെങ്കിലും കമ്പനിയിൽ നിന്നും ഈ കമ്പനി സ്വായത്തമാക്കുകയാണോ എന്നും അത് സംബന്ധിച്ച കരാർ സർക്കാരിന് ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കമ്പനിയുടെ സാമ്പത്തിക സ്ഥിതി മനസ്സിലാക്കിയിട്ടുണ്ടോ; ലഭ്യമായ വിവരങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സൗരോര്‍ജ്ജ വൈദ്യുതി പദ്ധതി</u>

2247 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സൗരോര്‍ജ്ജ വൈദ്യുത പദ്ധതി പ്രോത്സാഹിപ്പിക്കാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് ഗുണഭോക്താക്കള്‍ക്ക് നല്‍കുന്നതിന് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സ്വകാര്യമേഖലയിൽ ജലവൈദ്യുത പദ്ധതി</u>

2248 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ എത്ര ജലവൈദ്യുത പദ്ധതികൾ നിലവിൽ പ്രവർത്തിക്കുന്നു; ഓരോന്നിന്റെയും സ്ഥാപിത ശേഷിയും ഉല്പാദനവും എത്രയാണ്; വൈദ്യുതി വില്പന എങ്ങനെയാണെന്നും വ്യക്തമാക്കുമൊ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്വകാര്യമേഖലയിൽ ജലവൈദ്യുത പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) സ്വകാര്യമേഖലയിൽ പുതിയ പദ്ധതികൾ ആരംഭിക്കുവാൻ സർക്കാരിന്റെ മുമ്പിൽ അപേക്ഷകൾ ഉണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി വിതരണരംഗത്ത് സ്വകാര്യപങ്കാളിത്തം</u>

2249 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണരംഗത്ത് സ്വകാര്യപങ്കാളിത്തം ആകാം എന്നും കെ.എസ്.ഇ.ബി. യെ കമ്പനിയാക്കി മാറ്റാം എന്നും സമ്മതിച്ച് സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിലേക്ക് ഏതെങ്കിലും കത്ത് എഴുതിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ആയതിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്ന വൈദ്യുതി രംഗത്തെ സബ്സിഡി ഒഴിവാക്കുന്നതുൾപ്പെടെയുള്ള വ്യവസ്ഥകൾ സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

വൈദ്യുതി വിതരണമേഖലയുടെ സ്വകാര്യവല്‍ക്കരണംമൂലമുണ്ടാകാനിടയുള്ള ചാര്‍ജ്ജ് വര്‍ദ്ധന

2250 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി വിതരണമേഖല സ്വകാര്യവല്‍ക്കരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കില്‍ ഏത് രീതിയില്‍ ആണ് ഇത് നടപ്പിലാക്കുന്നത് ;

(സി) ഇതുമൂലം വൈദ്യുതിചാര്‍ജ് ഗണ്യമായി വര്‍ദ്ധിക്കാനുള്ള സാധ്യത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കില്‍ എന്ത് പരിഹാരം ആണ് നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നത് ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി മോഷണം/ദുരൂപയോഗം</u>

2251 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മുതൽ 2006 മേയ് വരെ എത്ര വൈദ്യുതി മോഷണം/ ദുരൂപയോഗം സംബന്ധിച്ച കേസ്സുകൾ കണ്ടെത്തി; എത്ര യൂണിറ്റ് വൈദ്യുതി ഇപ്രകാരം നഷ്ടമായി; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര തുക പിഴ നിശ്ചയിച്ചു; എത്ര തുക പിരിഞ്ഞുകിട്ടി; പ്രത്യേക അദാലത്ത് വഴിയല്ലാതെ എത്ര കേസ്സുകളിലായി എത്ര രൂപയുടെ ഇളവ് സർക്കാർ നൽകി; അദാലത്ത് വഴി എത്ര കേസ്സുകൾ തീർപ്പാക്കി; എത്ര രൂപയുടെ ഇളവ് നൽകി ;

(ബി) 2006 മെയ് മുതൽ 2011 മേയ് വരെ എത്ര വൈദ്യുതി മോഷണം/ ദുരൂപയോഗം സംബന്ധിച്ച കേസ്സുകൾ കണ്ടെത്തി; എത്ര യൂണിറ്റ് വൈദ്യുതി ഇപ്രകാരം നഷ്ടമായി; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര തുക പിഴ നിശ്ചയിച്ചു; എത്ര തുക പിരിഞ്ഞുകിട്ടി; പ്രത്യേക അദാലത്ത് വഴിയല്ലാതെ എത്ര കേസ്സുകളിലായി എത്ര രൂപയുടെ ഇളവ് സർക്കാർ നൽകി; അദാലത്ത് വഴി എത്ര കേസ്സുകൾ തീർപ്പാക്കി; എത്ര രൂപയുടെ ഇളവ് നൽകി ;

(സി) 2011 മേയ് മുതൽ 2013 ജനുവരി വരെ എത്ര വൈദ്യുതി മോഷണം/ ദുരൂപയോഗം സംബന്ധിച്ച കേസ്സുകൾ കണ്ടെത്തി; എത്ര യൂണിറ്റ് വൈദ്യുതി ഇപ്രകാരം നഷ്ടമായി; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര തുക പിഴ നിശ്ചയിച്ചു; എത്ര തുക പിരിഞ്ഞുകിട്ടി; അദാലത്ത് വഴിയല്ലാതെ എത്ര കേസ്സുകളിലായി എത്ര രൂപയുടെ ഇളവ് സർക്കാർ നൽകി; അദാലത്ത് വഴി എത്ര കേസ്സുകൾ തീർപ്പാക്കി; എത്ര രൂപയുടെ ഇളവ് നൽകി ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ഊർജ്ജ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ

2252 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഊർജ്ജസംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സി.എഫ്.എൽ ലാമ്പുകൾ ഇപ്പോഴും നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) സബ് സ്റ്റേഷനുകളുടെ പണി സമയബന്ധിതമായി പൂർത്തീകരിച്ചില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി സംരക്ഷണത്തിന് ബദൽ മാർഗ്ഗങ്ങൾ</u>

2253 ശ്രീ. ഷാഫി പറമ്പിൽ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി സംരക്ഷണത്തിന് വൈദ്യുതി ബോർഡ് എന്തെല്ലാം ബദൽമാർഗ്ഗങ്ങളാണ് തേടാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഇതിനായി പ്രത്യേക സമിതിയെ നിയോഗപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സൗരോർജ്ജ വൈദ്യുതിയുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കാനും വീടുകളിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി, ഗ്രിഡിലേക്ക് എടുത്ത് പ്രയോജനപ്പെടുത്താനുമുള്ള സാദ്ധ്യതകൾ പരിഗണിക്കുമോ ;

(ഡി) ഇത്തരം പദ്ധതി നടപ്പാക്കുന്നതിന് ബോർഡിന്റെ മുമ്പിലുള്ള തടസ്സങ്ങൾ നീക്കുന്ന കാര്യങ്ങൾ സമിതി പഠനവിധേയമാക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

വൈദ്യുതി പ്രസരണനഷ്ടം

2254 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടത്;

(ബി) വൈദ്യുതി പ്രസരണനഷ്ടം വഴി പ്രതിദിനം ബോർഡിന് എത്ര രൂപയുടെ നഷ്ടമുണ്ടാവാറുണ്ട്; വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതിയുടെ പ്രസരണനഷ്ടം</u>

2255 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ വൈദ്യുതിയുടെ പ്രസരണ നഷ്ടം എത്ര ശതമാനമാണ് എന്നറിയിക്കുമോ;

(ബി) 2006 ഏപ്രിൽ മാസത്തിലും, 2011 ഏപ്രിൽ മാസത്തിലും പ്രസരണനഷ്ടം എത്രയായിരുന്നു എന്ന് വിശദമാക്കാമോ;

(സി) വൈദ്യുതി ബോർഡിന്റെ സഞ്ചിതകടം ഇപ്പോൾ എത്രയാണ്; ഇത് 2011 മാർച്ചിൽ എത്രയായിരുന്നു എന്ന് വിശദമാക്കാമോ;

(ഡി) വൈദ്യുതിബോർഡിൽ പവ്വർ പർച്ചേയ്സ് കമ്മറ്റികൾ ഇപ്പോൾ നിലവിലുണ്ടോ;

(ഇ) ഉണ്ടെങ്കിൽ, ഇവ സജീവമായി നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>വൈദ്യുതി മേഖലയിൽ മെയിന്റനൻസ് ഷെഡ്യൂൾ</u>

2256 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി മെഖലയിൽ നിലവിൽ മെയിന്റനൻസ് ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) മെയിന്റനൻസ് പ്രവൃത്തികൾക്കായി സംസ്ഥാനത്ത് ഏതൊക്കെ മേഖലകളിൽ എത്ര ദിവസങ്ങൾ ആണ് ലൈൻ ഓഫ് ചെയ്യുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ മെയിന്റനൻസ് പ്രവൃത്തികൾക്കായി ഏതൊക്കെ ഉപകരണങ്ങളും, സ്പെയർ പാർട്ട്സുകളും പർച്ചേസ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിനായി എന്തു തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കേരളത്തിന്റെ ഊര്‍ജ്ജ പ്രതിസന്ധി</u>

2257 ശ്രീ. സി.എഫ്. തോമസ്
,, മോന്‍സ് ജോസഫ്
,, തോമസ് ഉണ്ണിയാടന്‍
,, റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിന്റെ ഊര്‍ജ്ജ പ്രതിസന്ധി പരിഹരിക്കുവാന്‍ സ്വീകരിക്കുന്ന നടപടികള്‍ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഊര്‍ജ്ജ പ്രതിസന്ധി പരിഹരിക്കുവാന്‍ സോളാര്‍ എനര്‍ജി വ്യാപകമായി ഉപയോഗിക്കാന്‍ നടപടികള്‍ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി പ്രതിസന്ധി നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ</u>

2258 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, എസ്. ശർമ്മ
,, റ്റി. വി. രാജേഷ്
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് വൈദ്യുതി പ്രതിസന്ധി നേരിടുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) ഇതിനായി കേന്ദ്രത്തിൽനിന്നും കൂടുതൽ വൈദ്യുതി ലഭിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) കേരളത്തിന് അനുവദിച്ച കേന്ദ്രവിഹിതത്തിൽ കുറവുണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

വൈദ്യുതി പ്രതിസന്ധിയും നിയന്ത്രണങ്ങളും

2259 ശ്രീ. എം.ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ലോഡ്ഷെഡ്ഡിംഗ് സമയം കൂട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര സമയമാണ്;

(ബി) വൈദ്യുതി പ്രതിസന്ധി പരിഹരിക്കുവാൻ എന്തെല്ലാം നിയന്ത്രണങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) സബ് സ്റ്റേഷനുകളുടെ റിപ്പയർ എന്ന വ്യാജേന ആഴ്ചയിൽ ഒരു ദിവസം പവർ ഹോളിഡെ പ്രഖ്യാപിക്കുവാൻ പോകുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി നിയന്ത്രണം</u>

2260 ശ്രീ. എ. കെ. ബാലൻ
ശ്രീമതി. കെ. കെ. ലതിക
ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വൈദ്യുതി നിയന്ത്രണങ്ങളെക്കുറിച്ചും അതിനിടയായ കാരണങ്ങളെ സംബന്ധിച്ചും വിശദമാക്കുമോ;

(ബി) നിലവിലുള്ള നിയന്ത്രണങ്ങൾ എന്നു പിൻവലിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുണ്ടോ;

(സി) നിയന്ത്രണങ്ങൾ എടുത്തുകളയാൻ എന്തെങ്കിലും ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ; ഇതിനായി തയ്യാറാക്കപ്പെട്ട പരിപാടി എന്താണ് ; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതിയുപയോഗം കുറയ്ക്കുന്ന ഫൈവ് സ്റ്റാർ റേറ്റിങ്ങുള്ള ഉപകരണങ്ങൾ</u>

2261 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുപയോഗം കുറയ്ക്കുന്ന ഫൈവ് സ്റ്റാർ റേറ്റിങ്ങുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് വൈദ്യുതി ബോർഡ് എന്തെങ്കിലും കിഴിവു നൽകുന്നുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) ഇത്തരമൊരു പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ, വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>പൊതു പ്രഖ്യാപനമില്ലാതെ വൈദ്യുതി വിതരണത്തിൽ നിയന്ത്രണം</u>

2262 ശ്രീ. കെ.അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവായി ഏർപ്പെടുത്തിയ ലോഡ് ഷെഡ്ഡിംഗിനു പുറമെ പൊതു പ്രഖ്യാപനമില്ലാതെ വൈദ്യുതി വിതരണത്തിൽ നിയന്ത്രണം ഏർപ്പെടുത്താറുണ്ടോ;

(ബി) പൊതുവായ പ്രഖ്യാപനത്തിലല്ലാതെ കഴിഞ്ഞ നാലു മാസത്തിനിടയിൽ വൈക്കം 110 കെ.വി സബ്സ്റ്റേഷനിൽ ഏതൊക്കെ ദിവസങ്ങളിൽ എത്ര സമയം വീതം വൈദ്യുതി വിതരണത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് പ്രഖ്യാപിതമോ അപ്രഖ്യാപിതമോ ആയി കൂടുതൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

പരസ്യപ്രദർശന ബോർഡുകൾക്ക് വൈദ്യുതി ഉപയോഗിക്കുന്നതിന് നിരോധനം

2263 ശ്രീ. കെ. ശിവദാസൻ നായർ
,, വി. റ്റി. ബൽറാം
,, പാലോട് രവി
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരസ്യപ്രദർശന ബോർഡുകൾക്ക് വൈദ്യുതി ഉപയോഗിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഇത്തരത്തിൽ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് മുന്നറിയിപ്പ് നൽകാൻ സർക്കിൾ, സെക്ഷൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകുമോ;

(സി) ഇത് ലംഘിക്കുന്നവരുടെ വൈദ്യുതി കണക്ഷൻ റദ്ദാക്കുന്ന കാര്യം ആലോചിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ടൈം ഓഫ് ദ ഡേ (ടി.ഒ.ഡി.) മീറ്റർ സമ്പ്രദായം</u>

2264 ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീമതി ഗീതാഗോപി
ശ്രീ. ചിറ്റയം ഗോപകുമാർ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വൈദ്യുതി ഉപഭോക്താക്കളെ ടൈം ഓഫ് ദ ഡേ (ടി.ഒ.ഡി.) മീറ്റർ സമ്പ്രദായത്തിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമേ;

(ബി) ഈ മീറ്റർ ഘടിപ്പിക്കുന്നതിന് വൈദ്യുത ഉപഭോക്താക്കളെ കണ്ടെത്തുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരം വൈദ്യുത ഉപഭോക്താക്കളിൽ നിന്നും ചാർജ്ജ് ഈടാക്കുന്ന രീതി എങ്ങനെയാണെന്ന് വിശദമാക്കുമോ;

(ഡി) ഇത്തരം ഉപഭോക്താക്കളെ കണ്ടെത്തി അധിക ചാർജ്ജ് ഈടാക്കുന്നതുമൂലം എത്ര അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>വൈദ്യുതി ചാർജ്ജ് വർദ്ധനവിന്റെ ശതമാനം</u>

2265 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷമുള്ള വൈദ്യുതി ചാർജ്ജ് വർധനവ് കഴിഞ്ഞ സർക്കാരിന്റെ കാലത്തെ ചാർജ്ജിന്റെ എത്ര ശതമാനമാണെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ചാർജ്ജ് ഓൺലൈൻ വഴി അടയ്ക്കുന്നതിന് സംവിധാനം</u>

2266 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. റ്റി. ബൽറാം
,, പി. എ. മാധവൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ് ഓൺലൈൻ വഴി അടയ്ക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഉപഭോക്താക്കൾക്കാണ് ഈ സംവിധാനം നിലവിലുള്ളത് ;വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ സംവിധാനം ഏതെല്ലാം സ്ഥലങ്ങളിലാണ് ലഭ്യമാക്കിയിരിക്കുന്നത് ;വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തൊട്ടാകെ എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ് ഓൺലൈനിൽ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

കേടായ വൈദ്യുതി മീറ്ററുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

2267 ശ്രീ. പി. സി. വിഷ്ണുനാഥ്
'' വി. പി. സജീന്ദ്രൻ
'' അൻവർ സാദത്ത്
'' എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേടായ വൈദ്യുതി മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്;

(ബി) കേടായ എത്ര മീറ്ററുകൾ വാങ്ങാൻ നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(സി) കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കാത്തതുമൂലം ബോർഡിനുണ്ടാകുന്ന വരുമാനനഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>അടുക്കളമാലിന്യത്തിൽ നിന്ന് പാചകവാതകവും വൈദ്യുതിയും ഉത്പാദിപ്പിക്കുവാൻ സാധിക്കുന്ന പോർട്ടബിൾ പ്ലാന്റുകൾ</u>

2268 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടുക്കളമാലിന്യത്തിൽ നിന്ന് പാചകവാതകവും വൈദ്യുതിയും ചെറിയതോതിലെങ്കിലും ഉത്പാദിപ്പിക്കുവാൻ സാധിക്കുന്ന പോർട്ടബിൾ പ്ലാന്റുകൾക്ക് സർക്കാർ സബ്സിഡി നൽകുന്നുണ്ടോ; വിശദമാക്കുമോ;

(ബി) വീടുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയും, കൂടുതലുണ്ടാക്കുന്ന വൈദ്യുതി സർക്കാരിനു നൽകുകയും ചെയ്യുന്ന സ്കീമുകൾ സർക്കാർസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ, വ്യക്തമാക്കുമോ;

(സി) സോളാർ പാനലുകൾ വീടുകളിൽ സ്ഥാപിച്ച് വീട്ടാവശ്യങ്ങൾക്കു വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് സർക്കാർ സബ്സിഡി നൽകുന്ന വിശ്വസനീയവും, ദീർഘകാലസേവനം ഉറപ്പുനൽകുന്നതുമായ ഏജൻസികൾ ഏതെന്നും, അവയുടെ വിശദവിവരങ്ങളും നൽകാമോ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**
<u>അനെർട്ട് വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>

2269 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് അനെർട്ട് വഴി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ബചത് ലാമ്പ് യോജന പദ്ധതി

2270 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബചത് ലാമ്പ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ എത്ര സി.എഫ്. ലാമ്പുകൾ വാങ്ങിയെന്നും എത്ര രൂപ ഇതിന് ചെലവായി എന്നും അറിയിക്കാമോ;

(ബി) ഇതിൽ എത്രയെണ്ണം വിതരണം ചെയ്തു എന്നും എത്ര യെണ്ണം ബാക്കിയുണ്ടെന്നും അറിയിക്കാമോ;

(സി) സി.എഫ്. ലാമ്പുകൾ നൽകുമ്പോൾ 'ബോർഡിന്' പകരം കിട്ടിയ ബൾബുകൾ എത്രയെന്നും ഇവ എന്തു ചെയ്തു എന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത വകയിൽ ഉണ്ടായ ലാഭനഷ്ടങ്ങൾ വ്യക്തമാക്കാമോ;

(ഇ) ഈ പദ്ധതി പ്രകാരം നാളിതുവരെ എത്ര ഊർജ്ജം ലാഭിക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ആർ. ജി. ജി.വൈ പദ്ധതി</u>

2271 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. ജി. ജി.വൈ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സംസ്ഥാനത്ത് പല സ്ഥലത്തും നിർത്തിവെച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിരക്ക് വർദ്ധിപ്പിച്ചു നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചുനൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ആർ.ജി.ജി.വൈ പദ്ധതിയുടെ പ്രവർത്തന പുരോഗതി

2272 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.ജി.ജി.വൈ പദ്ധതിയുടെ പ്രർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ എത്ര കുടുംബങ്ങൾക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പേരാമ്പ്ര മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്നും ഇതിൽ, എത്ര പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സ്ട്രീറ്റ് ലൈറ്റും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും</u>

2273 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിഷ്കരിച്ച കെ.എസ്.ഇ.ബി നടപടിക്രമമനുസരിച്ച് സംസ്ഥാനത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വലിയ തുക ബോർഡിൽ അടയ്ക്കേണ്ടുന്ന സാഹചര്യം കാരണം പല പഞ്ചായത്തുകൾക്കും ബുദ്ധിമുട്ടുണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് കാരണം പല പഞ്ചായത്തുകളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിൽ പഞ്ചായത്ത് തലത്തിൽ നടപടികൾ ഉണ്ടാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, സ്ടീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും നിലവിലുള്ള നടപടികൾ ലഘൂകരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>കാര്‍ഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷന്‍</u>

2274 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷന്‍ ലഭിക്കുന്നതിനുള്ള അപേക്ഷ സമര്‍പ്പിക്കുമ്പോള്‍ കാലതാമസം വരുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പാലക്കാട് ജില്ലയില്‍ ഇത്തരത്തിലുള്ള എത്ര അപേക്ഷകളാണ് തീര്‍പ്പാക്കാനുള്ളത്; താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) അടിയന്തിര പ്രാധാന്യത്തോടെ കണക്ഷന്‍ കൊടുക്കേണ്ട ഇത്തരം അപേക്ഷകളിന്മേല്‍ കാലതാമസം വരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ഡി) കാര്‍ഷിക ആവശ്യത്തിനായുള്ള വൈദ്യുതി കണക്ഷന്‍ കാലതാമസമില്ലാതെ നല്‍കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി കണക്ഷന്‍ ലഭിക്കുവാന്‍ സമര്‍പ്പിക്കേണ്ട രേഖകള്‍</u>

2275 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗാര്‍ഹിക ഉപഭോക്താക്കള്‍ക്ക് വൈദ്യുതി കണക്ഷന്‍ ലഭിക്കുന്നതിന് എന്തെല്ലാം രേഖകളാണ് വിദ്യുത്ച്ഛക്തി ബോര്‍ഡില്‍ സമര്‍പ്പിക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) ഗാര്‍ഹിക ഉപഭോക്താക്കള്‍ നല്‍കേണ്ട രേഖകള്‍ സംബന്ധിച്ച് സര്‍ക്കാരിന്റെയും വൈദ്യുതി ബോര്‍ഡിന്റെയും ഉത്തരവുകളുടെയും സര്‍ക്കുലറുകളുടെയും പകര്‍പ്പുകള്‍ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉത്തരവുകള്‍ ലംഘിക്കുന്ന വൈദ്യുതി ബോര്‍ഡിലെ ഉദ്യോഗസ്ഥര്‍ക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ</u>

2276 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നിലവിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഗാർഹികവും ഗാർഹികേതരവുമായ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നുള്ള വിവരം നൽകുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ഗാർഹിക വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകൾ</u>

2277 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒ. വൈ.സി അല്ലാതെ നോർമൽ കാറ്റഗറിയിൽ ഗാർഹിക വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനായി, എത്ര അപേക്ഷകൾ പൊതുജനങ്ങളിൽ നിന്നും ലഭിച്ചു എന്നത് ജില്ലാടിസ്ഥാനത്തിൽ ഡിവിഷൻ, സബ് ഡിവിഷൻ, സെക്ഷൻ ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ലഭിച്ചിട്ടുള്ള അപേക്ഷകളിൽ സർക്കാർ എത്രയെണ്ണത്തിൽ ഗാർഹിക കണക്ഷൻ നൽകി എന്നത് ഡിവിഷൻ, സബ്ഡിവിഷൻ സെക്ഷൻ തിരിച്ച് വ്യക്തമാക്കുമോ;

(സി) ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ഇനി എത്ര കണക്ഷൻ നൽകാൻ ഉണ്ട് എന്നത് ജില്ലാടിസ്ഥാനത്തിൽ ഡിവിഷൻ, സബ് ഡിവിഷൻ സെക്ഷൻ തിരിച്ച് വ്യക്തമാക്കുമോ;

(ഡി) നൽകാനുള്ള കണക്ഷൻ സമയബന്ധിതമായി നൽകാൻ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു എന്നതും എപ്പോൾ കണക്ഷൻ നൽകും എന്നുള്ളതും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>പുതിയ വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ</u>

2278 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസം വരെ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ പുതിയ വൈദ്യുതി കണക്ഷനുള്ള എത്ര അപേക്ഷകൾ ഉണ്ടായിരുന്നു; കാറ്റഗറി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ, എത്ര അപേക്ഷകർക്ക് പുതിയ കണക്ഷൻ നൽകി എന്നതിന്റെ കാറ്റഗറി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മണ്ഡലത്തിൽ എത്രപേർ പുതിയതായി വൈദ്യുതി കണക്ഷന് അപേക്ഷിച്ചെന്നും അതിൽ, എത്ര പേർക്ക് കണക്ഷൻ നൽകിയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി കണ്‍ക്ഷന്‍ വിച്ഛേദിക്കല്‍ നടപടി</u>

2279 ശ്രീ.എ. കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി ബോര്‍ഡിന്റെ ഏതെങ്കിലും ഫീഡറില്‍ അറ്റകുറ്റപ്പണി നടക്കുന്നതിന്റെ പേരില്‍ ആ ഫീസര്‍ ഉള്‍ക്കൊള്ളുന്ന സബ്സ്റ്റേഷന്‍ പരിധിയില്‍ വൈദ്യുതി വിച്ഛേദിക്കാന്‍ കെ.എസ്.ഇ.ബി തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍, ആയതിന്റെ വിശദാംശങ്ങള്‍ നല്‍കുമോ;

(ബി) നേരത്തെ ഇപ്രകാരം അറ്റകുറ്റപ്പണി നടത്തുമ്പോള്‍ സബ് സ്റ്റേഷന്‍ പരിധിയില്‍ വൈദ്യുതി വിച്ഛേദിക്കാതെ മറ്റേതെങ്കിലും ഫീഡറില്‍ നിന്ന് വൈദ്യുതി നല്‍കിയിരുന്നോ; ഈ സംവിധാനം മാറ്റാന്‍ കാരണങ്ങളെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം വൈദ്യുതി വിച്ഛേദിക്കുകയാണെങ്കില്‍ ഉപഭോക്താക്കള്‍ക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാന്‍ എന്തെങ്കിലും ബദല്‍ സംവിധാനം ഏര്‍പ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കില്‍, ആയതിന്റെ വിശദാംശങ്ങള്‍ നല്‍കുമോ;

(ഡി) അറ്റകുറ്റ പണികള്‍ നടത്തുന്നതിനുള്ള സ്പെയര്‍ പാര്‍ട്സുകളും, ഉപകരണങ്ങളും സെക്ഷന്‍ ഓഫീസുകളില്‍ ഇല്ലെന്ന പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍, ഇത് പരിഹരിക്കാനുള്ള നടപടി വിശദമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സ്മാർട്ട്ഗ്രിഡ് പൈലറ്റ് വൈദ്യുത പദ്ധതി</u>

2280 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്മാർട്ട്ഗ്രിഡ് പൈലറ്റ് വൈദ്യുത പദ്ധതി, ഏതെല്ലാം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സബ് സ്റ്റേഷനുകളിൽ ട്രാൻസ്ഫോമറുകൾ, സർക്യൂട്ട് ബ്രേക്കുകൾ, അനുബന്ധ സാമഗ്രികൾ എന്നിവയുടെ പ്രവർത്തനക്ഷമത</u>

2281 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ് സ്റ്റേഷനുകളിൽ ട്രാൻസ്ഫോമറുകൾ, സർക്യൂട്ട് ബ്രേക്കുകൾ, അനുബന്ധസാമഗ്രികൾ എന്നിവയുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുവാൻ നിലവിൽ എന്തെല്ലാം പരിശോധനകളും സംവിധാനവും വർഷാവർഷം നടത്താറുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ വിവിധ സബ് സ്റ്റേഷനുകളിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടെ ഇക്കാര്യത്തിൽ നടത്തിയ പരിശോധനയുടെയും മറ്റും റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇവയുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഇവ നടപ്പിലാക്കുന്നതിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയിട്ടുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) മലപ്പുറം മുണ്ടുപറമ്പിൽ ഈയിടെ സബ്-സ്റ്റേഷൻ കത്തുകയും പൊട്ടിത്തെറിക്കുകയും ചെയ്ത സാഹചര്യത്തിൽ പരിശോധനാസംവിധാനത്തിലെ പോരായ്മകൾ ഉദ്യോഗസ്ഥതലത്തിൽ പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ, അനന്തരനടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

33 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷനായി ഉയർത്തണമെന്ന ആവശ്യം

2282

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാമനാട്ടുകര 33 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷനായി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആവശ്യം പരിഗണിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കാവാലം സബ്-സ്റ്റേഷൻ നിർമ്മാണത്തിന് ലാൻഡ് അക്വിസിഷൻ നടപടികൾ</u>

2283 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് ലാൻഡ് അക്വിസിഷൻ ഉൾപ്പെടെയുള്ള എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സബ്-സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന്, സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>മങ്കട 66 കെ.വി. സബ്-സ്റ്റേഷൻ</u>

2284 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മങ്കട 66 കെ.വി. സബ്-സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതിയും, എന്നു കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>പുതുക്കാട് വില്ലിച്ചിറ കെ.എസ്.ഇ.ബി സബ്-ഇൻജിനീയർ ഓഫീസ്</u>

2285 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വില്ലിച്ചിറയിൽ കെ.എസ്.ഇ.ബി സബ്-ഇൻജിനീയർ ഓഫീസ് അനുവദിക്കണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസ് എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ചിറക്കരയിൽ ഓവർസീയർ ഓഫീസ് സബ്-എഞ്ചിനീയർ ഓഫീസായി ഉയർത്തണമെന്ന ആവശ്യം

2286 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചിറക്കരയിൽ പ്രവർത്തിക്കുന്ന ഓവർസീയർ ഓഫീസ്, സബ്-എഞ്ചിനീയർ ഓഫീസായി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ; വിശദാംശം അറിയിക്കുമോ;

(ബി) ഓവർസീയർ ഓഫീസ് സബ്-എഞ്ചിനീയർ ഓഫീസായി ഉയർത്തുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ;

(സി) പ്രസ്തുത ആവശ്യം പരിഗണിച്ച് എത്രയും പെട്ടെന്ന് അനുകൂല നടപടിയെടുക്കാൻ സന്നദ്ധമാകുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>എല്ലാ പഞ്ചായത്തുകളിലും വൈദ്യുതി ഓഫീസുകള്‍</u>

2287 ശ്രീ. ഇ.കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി വകുപ്പിന്റെ സേവനങ്ങള്‍ കാര്യക്ഷമമാക്കാന്‍ എല്ലാ പഞ്ചായത്തുകളിലും വൈദ്യുതി ഓഫീസുകള്‍ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) നാദാപുരം മണ്ഡലത്തില്‍, ഏതൊക്കെ പഞ്ചായത്തുകളിലാണ് വൈദ്യുതി സെക്ഷന്‍ ഓഫീസുകള്‍ ഇല്ലാത്തത് എന്ന വിവരം വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കില്‍, പുതിയ ഓഫീസുകള്‍ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ചെറുവണ്ണൂർ, ബേപ്പൂർ എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസുകൾ

2288

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുവണ്ണൂർ, ബേപ്പൂർ എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസുകള് സ്ഥാപിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിന് തീരുമാനമായെങ്കിലും ആയത് പ്രാബല്യത്തിൽ വരുത്താത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, നടപടി ത്വരിതപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

മാവിൻമൂട് കെ.എസ്.ഇ.ബി ഔട്ട് സ്റ്റേഷൻ കളക്ഷൻ സെന്റർ

2289 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൂതക്കുളം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ മാവിൻമൂട് കേന്ദ്രീകരിച്ച് കെ.എസ്.ഇ.ബി ഔട്ട് സ്റ്റേഷൻ കളക്ഷൻ സെന്റർ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നോ; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത ആവശ്യം പരിഗണിച്ച് അനുകൂല നടപടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ഇലക്ട്രിക്കൽ കോൺട്രാക്ടർമാരുടെ വർക്ക് രജിസ്റ്റർ വയർമാന്റെയും സൂപ്പർവൈസറുടെയും ഫോട്ടോ പതിച്ച് ഐ.ഡി. വിതരണം ചെയ്യുന്നത് മുഴുവൻ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളിലും നടപ്പാക്കാൻ നടപടി

2290 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇലക്ട്രിക്കൽ കോൺട്രാക്ടർമാരുടെ വർക്ക് രജിസ്റ്റർ വയർമാന്റെയും സൂപ്പർവൈസറുടെയും ഫോട്ടോ പതിച്ച് ഐ.ഡി. വിതരണം ചെയ്യുന്നത്, മുഴുവൻ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളിലും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) വയറിംഗ് തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിൽ പെർമിറ്റുള്ള വയർമാൻമാർക്ക് സംവരണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>റെയിൽവേ നിരക്ക് വർദ്ധന ഒഴിവാക്കി കിട്ടാൻ കേന്ദ്രത്തിൽ സമ്മർദ്ദം</u>

2291 ശ്രീ. എ. പ്രദീപ്കുമാർ
,, ജെയിംസ് മാത്യു
,, കെ. വി. അബ്ദുൾ ഖാദർ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റെയിൽവെ നിരക്കുകൾ കുത്തനെ ഉയർത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റെയിൽവെ ബജറ്റിന് മുമ്പായി വർദ്ധിപ്പിച്ച യാത്രാക്കൂലി സംസ്ഥാനത്തു നിന്നുള്ള യാത്രക്കാർക്ക് വീണ്ടും കനത്ത ഭാരമായിരിക്കുന്നതായി അറിയാമോ; നിരക്ക് വർദ്ധന മൂലം സംസ്ഥാനത്തെ യാത്രക്കാരിൽ നിന്ന് റെയിൽവേ അധികമായി ഈടാക്കുന്നത് എത്ര കോടി രൂപയായിരിക്കുമെന്ന് സർക്കാരിനറിയാമോ;

(സി) നിരക്ക് വർദ്ധനയിൽ നിന്ന് ഒഴിവാക്കി കിട്ടാൻ സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>റെയിൽവേ വികസനത്തിന് കേന്ദ്ര ഗവൺമെന്റിന് നിർദ്ദേശങ്ങൾ</u>

2292 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റെയിൽവേ വികസനത്തിന് കേന്ദ്ര ഗവൺമെന്റിന് എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്രം അനുവദിച്ചിട്ടുള്ളതും ഇതുവരെ ആരംഭിക്കാത്തതുമായ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ, അത് ആരംഭിക്കുവാനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ, അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ റെയിൽവേ ആവശ്യങ്ങളും കേന്ദ്ര സർക്കാരിന് നൽകിയ നിവേദനങ്ങളും</u>

2293 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ റെയിൽവേ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാനം എത്ര തവണ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടെന്നും ഇവ ഓരോന്നും എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആവശ്യങ്ങൾക്ക് കേന്ദ്രത്തിൽ നിന്നും ലഭിച്ച മറുപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

<u>റെയിൽവേ വികസനം</u>

2294 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര റെയിൽ ബഡ്ജറ്റിന് മുമ്പ് സംസ്ഥാനത്തെ റെയിൽവെ വികസനവുമായി ബന്ധപ്പെട്ട എന്തെല്ലാം കാര്യങ്ങളാണ് സംസ്ഥാനം, കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ;

(ബി) ഷൊർണ്ണൂർ-മംഗലാപുരം പാതയുടെ വൈദ്യുതീകരണം പുതിയ വണ്ടികളും കോച്ചുകളും അനുവദിക്കൽ എന്നിവ സംബന്ധിച്ച് എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ;

(സി) മംഗലാപുരം-തിരുവനന്തപുരം വണ്ടികൾ തമിഴ്നാട്ടിലേക്ക് നീട്ടുന്നത് മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ, ഇതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം-മംഗലാപുരം അതിവേഗ റെയിൽ പാതയുടെ സർവ്വേ</u>

2295 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-മംഗലാപുരം അതിവേഗ റെയിൽ പാതയുടെ സർവ്വേ ജോലിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പദ്ധതിയ്ക്കെതിരായ വ്യാജ പ്രചരണങ്ങളെത്തുടർന്ന് സർവ്വേ നിർത്തി വച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, ഇതിന് പിന്നിൽ പ്രവർത്തിച്ചവരെ കണ്ടെത്തുന്നതിനും സർവ്വേ പുന:സ്ഥാപിക്കുന്നതിനുമുളള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ റയിൽ പദ്ധതി</u>

2296 ശ്രീ.കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റയിൽ പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്രം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ, ഇതിന്റെ കോപ്പി വഭ്യമാക്കാമോ?

# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

<u>മെമു സര്‍വ്വീസുകള്‍</u>

2297 ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. മാത്യു.റ്റി. തോമസ്
,, ജോസ് തെറ്റയില്‍
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ പ്രധാന പാതകള്‍ വഴി റെയില്‍വേ തുടങ്ങുമെന്ന് പറഞ്ഞ 'മെമു സര്‍വ്വീസുകള്‍' ആരംഭിച്ചിട്ടില്ല എന്നുള്ളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എറണാകുളം-തൃശ്ശൂര്‍ മെമു സര്‍വ്വീസ് എന്നത്തേയ്ക്ക് തുടങ്ങുമെന്ന് വ്യക്തമാക്കുമോ ;

(സി) റെയില്‍വേ പ്രഖ്യാപിച്ച മെമു സര്‍വ്വീസുകള്‍ തുടങ്ങിയിട്ടില്ല എന്നുള്ളത് കേന്ദ്ര സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെടുത്താന്‍ സംസ്ഥാന സര്‍ക്കാര്‍ എന്തൊക്കെ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ട്രെയിൻ യാത്രക്കാർക്ക് കൊച്ചുവേളിയിൽ നിന്നും സിറ്റിയിലെത്താനുള്ള ബുദ്ധിമുട്ട്</u>

2298 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചുവേളിയിൽ നിന്ന് ട്രെയിൻ പുറപ്പെടുന്ന സമയങ്ങളിലും, ട്രെയിൻ എത്തിച്ചേരുന്ന സമയങ്ങളിലും അവിടെനിന്നു സിറ്റിയിലേയ്ക്കും തിരിച്ചും യാത്രക്കാർക്ക് എത്തിച്ചേരുന്നതിന് ബുദ്ധിമുട്ട് ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ പരിഗണനയിലുണ്ടെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ റയിൽവേസ്റ്റേഷൻ നവീകരണം</u>

2299 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ റയിൽവേ സ്റ്റേഷന്റെ നവീകരണത്തിനായി, എന്തെങ്കിലും പ്രോജക്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, വിശദമാക്കാമോ;

(ബി) അമ്പലപ്പുഴ റയിൽവേസ്റ്റേഷനിലേക്കുള്ള റോഡുകൾ നവീകരിക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

റെയിൽവേ ലെവൽ ക്രോസ്സുകൾ

2300 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ റെയിൽവേ ലെവൽ ക്രോസ്സുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ, ലെവൽ ക്രോസ്സുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം പുതിയ റെയിൽവേ ലെവൽ ക്രോസ്സുകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ള പട്ടികയിൽ, അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്ഥലം ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യുടെ വരവു ചെലവുകളും സാമ്പത്തിക ബാധ്യതയും

2301 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യ്ക്ക് ആകെ എത്ര ബസുകളുണ്ട്;

(ബി) കേരളത്തിലാകെ എത്ര ഷെഡ്യൂളുകളാണ് കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്നത്;

(സി) കെ.എസ്.ആർ.ടി.സി. യുടെ പ്രതിവർഷ ശരാശരി ഡീസൽ ഉപയോഗം എത്ര ലിറ്ററാണെന്ന് അറിയിക്കുമോ; ഇതിന് എത്ര തുകയാണ് വർഷംതോറും ചെലവാക്കിയിരുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഡീസൽ സബ്സിഡി പിൻവലിച്ച സാഹചര്യത്തിൽ എത്ര തുക അധികച്ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) ഡീസൽ, സ്പെയർപാർട്ട്സ്, ജീവനക്കാരുടെ ശമ്പളം, പെൻഷൻ, മറ്റാനുകൂല്യങ്ങൾ എന്നിവയ്ക്കായി ഒരു മാസം ശരാശരിഎത്ര തുക ചെലവാകുന്നുവെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(എഫ്) കെ.എസ്.ആർ.ടി.സി. യുടെ ശരാശരി മാസവരുമാനം എത്രയെന്ന് അറിയിക്കുമോ;

(ജി) കെ.എസ്.ആർ.ടി.സി. യുടെ നാളിതുവരെയുള്ള കടങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമാ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. ബസ് യാത്രാനിരക്കിലുള്ള വർദ്ധന</u>

2302 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്ആർ.ടി.സി. ബസ് യാത്രാനിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) യാത്രാനിരക്ക് വർദ്ധനവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) യാത്രാ നിരക്ക് വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആര്‍.ടി.സി യില്‍ പരസ്യ പ്രദര്‍ശനം വഴി വരുമാനം വര്‍ദ്ധിപ്പിക്കുന്നതിന് നടപടി</u>

2303 ശ്രീ. വര്‍ക്കല കഹാര്‍
,, എ.റ്റി.ജോര്‍ജ്
,, സണ്ണി ജോസഫ്
,, ഐ.സി.ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സിയുടെ വരുമാനം പരസ്യങ്ങള്‍ പ്രദര്‍ശിപ്പിക്കുന്നതു വഴി വര്‍ദ്ധിപ്പിക്കാനുള്ള സംവിധാനം നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവര്‍ത്തനങ്ങളും എന്തൊക്കെയാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) പ്രസ്തുത സംവിധാനം എവിടെയൊക്കെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനം വഴി എന്ത് തുക സമാഹരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ഫെയർ സ്റ്റേജ് നിർണ്ണയത്തിലെ അപാകത</u>

2304 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബസ് യാത്രാനിരക്കു വർദ്ധിപ്പിച്ചപ്പോൾ ഫെയർ സ്റ്റേജ് നിർണ്ണയത്തിൽ അപാകതയുണ്ടായിട്ടുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഫെയർ സ്റ്റേജ് നിർണ്ണയിച്ചതിലെ അപാകത പരിഹരിക്കുന്നതു സംബന്ധിച്ച് ബഹു: കേരള ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി യുടെ പുതിയ ബസുകൾ</u>

2305 ശ്രീ. എ.എ.അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി എത്ര പുതിയ ബസുകളാണ് നിരത്തിലിറക്കിയിട്ടുളളത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി ഓരോ ജില്ലയിലും പുതുതായി നിരത്തിലിറക്കിയ ബസുകളുടെ എണ്ണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

'ലോ ഫ്ളോർ' ബസ്സുകൾ വൃത്തിയായി സൂക്ഷിക്കുന്നതിന് നടപടി

2306 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് നടത്തുന്ന 'ലോ ഫ്ളോർ' ബസ്സുകൾ വൃത്തിയായി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത ബസ്സുകൾ കഴുകാത്തതുമൂലം വൃത്തിഹീനമാകുന്നത് തടയുവാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) ടൂറിസം കേന്ദ്രങ്ങളിലേക്ക് കൂടുതൽ ലോ ഫ്ളോർ ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകളും ലാഭ നഷ്ട കണക്കുകളും</u>

2307 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി നിലവിൽ ഹ്രസ്വദൂര, ദീർഘദൂര സർവ്വീസുകളായി എത്ര ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്; 2006 മുതലുള്ള വാർഷികാടിസ്ഥാനത്തിലുള്ള കണക്ക് പ്രസിദ്ധീകരിക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. നിലവിൽ എത്ര ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്; നിലവിലുള്ള എത്ര ഷെഡ്യൂളുകൾ ലാഭത്തിൽ എന്ന് വ്യക്തമാക്കാമോ;

(സി) 01.04.2006 മുതൽ 31.12.2012 വരെ കെ.എസ്.ആർ.ടി.സി. യ്ക്ക് എത്ര തുക ധനസഹായം അനുവദിച്ചു; വാർഷികാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി. യുടെ 31.12.2012 ലെ സഞ്ചിത നഷ്ടം എത്ര തുകയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കടത്തിന്റെ വാർഷിക സ്റ്റേറ്റ്മെന്റ് പ്രസിദ്ധീകരിക്കാമോ;

(ഇ) കെ.എസ്.ആർ.ടി.സി.യുടെ വരവ് ചെലവ് കണക്ക് (ഓഡിറ്റ് ഫിഗർ ) 01.06.2006 മുതൽ 31.12.2012 വരെയുള്ളത് വാർഷികാടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കാമോ;

(എഫ്) കെ.എസ്.ആർ.ടി.സി. യെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള നടപടികളെ കുറിച്ച് പഠിക്കുന്നതിന് തൊഴിലാളി യൂണിയനുകളുമായി കൂടിയാലോചിച്ച് കമ്മിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ജി) സ്വകാര്യ ബസ് ഉടമകളെ സഹായിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. യെ തകർക്കുവാൻ ശ്രമിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>പെട്രോളിയം ഉത്പന്നങ്ങളുടെ അപകടരഹിതമായ ട്രാൻസ്പോർട്ടേഷൻ</u>

2308 ശ്രീ. എൻ.ഷംസുദ്ദീൻ
,, വി.എം.ഉമ്മർ മാസ്റ്റർ
,, കെ.എം.ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെട്രോളിയം ഉൽപന്നങ്ങൾ അപകടരഹിതമായി ട്രാൻസ്പോർട്ട് ചെയ്യുന്നതിന് ഏർപ്പെടുത്തിയിട്ടുളള നിയന്ത്രണ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) അപകടമുണ്ടായാൽ നേരിടുന്നതിന്, ഇതുമായി ബന്ധപ്പെടുന്ന എല്ലാവർക്കും പരിശീലനം നൽകാറുണ്ടോ;

(സി) ഈയിടെയുണ്ടായ ഇത്തരം അപകടങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. സർവ്വീസ് നിർത്തലാക്കുന്നതിനുമുമ്പ് സ്വകാര്യ ബസ്സ് സർവ്വീസ് നിർത്തലാക്കണമെന്ന നിയമവ്യവസ്ഥ</u>

2309 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിലായ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നിർത്തലാക്കുന്നതിനുമുമ്പേ നിർത്തലാക്കേണ്ടത്, പ്രസ്തുത സർവ്വീസിന് തൊട്ടുമുമ്പുള്ള സ്വകാര്യ ബസ് സർവ്വീസ് ആയിരിക്കണമെന്ന് കേന്ദ്ര മോട്ടോർ വാഹന നിയമം അനുശാസിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കണിയാപുരം, ആറ്റിങ്ങൽ, കിളിമാനൂർ, വെഞ്ഞാറമൂട് സബ് ഡിപ്പോകൾ ഓപ്പറേറ്റ് ചെയ്ത ഷെഡ്യൂളുകൾ</u>

2310 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണിയാപുരം, ആറ്റിങ്ങൽ, കിളിമാനൂർ, വെഞ്ഞാറമൂട് കെ. എസ്.ആർ.ടി. സി സബ് ഡിപ്പോകളിൽ നിന്നും 2012 ഡിസംബർ മാസത്തിൽ ഓരോ ദിവസവും ഓപ്പറേറ്റ് ചെയ്ത ഷെഡ്യൂളുകളുടെ എണ്ണം ലഭ്യമാക്കുമോ;

(ബി) 2013 ജനുവരി മാസത്തിൽ പ്രസ്തുത ഡിപ്പോകളിൽ നിന്നും ഓരോ ദിവസവും ഓപ്പറേറ്റ് ചെയ്ത ഷെഡ്യൂളുകളുടെ എണ്ണം ലഭ്യമാക്കുമോ ;

(സി) 2013 ജനുവരി മാസത്തിൽ ഷെഡ്യൂളുകളുടെ എണ്ണം കുറവ് ചെയ്തിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാമെന്ന് ഡിപ്പോ തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ആറ്റിങ്ങൽ നിന്ന് ആരംഭിച്ച് ചിറയിൻകീഴ് വഴി പരവൂരിലേക്കും തിരിച്ച് തിരുവനന്തപുരത്തേയ്ക്കും സർവ്വീസ് നടത്തിയിരുന്ന ഫാസ്റ്റ് പാസ്സഞ്ചർ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) 2013 ജനുവരി മാസത്തിൽ സർവ്വീസുകൾ നിർത്തലാക്കാൻ കാരണമെന്താണ് ; ഇതുമൂലമുണ്ടായ യാത്രാക്ലേശം പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ആറ്റിങ്ങൽ, കിളിമാനൂർ ഡിപ്പോകളിൽ നിന്നും പ്രതിദിനം ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകൾ

2311 ശ്രീ. ബി.സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ, കിളിമാനൂർ കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ നിന്നും പ്രതിദിനം എത്ര ഷെഡ്യൂളുകൾ വീതമാണ് ഓപ്പറേറ്റ് ചെയ്യുന്നതെന്നും ഇതിനായി ഓരോ ഡിപ്പോയിലും എത്ര ബസുകൾ വീതമാണ് ആവശ്യമെന്നതും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡിപ്പോകളിൽ നിന്നും സർവ്വീസ് ആരംഭിച്ചിരുന്ന രാജധാനി ബസുകൾ ഇപ്പോൾ നിർത്തി വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത ബസുകൾ വീണ്ടും സർവ്വീസുകൾ നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വെഞ്ഞാറമൂട്, പാലോട് ഡിപ്പോകളിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്നസർവ്വീസുകൾ</u>

2312 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി. സി വെഞ്ഞാറമൂട്, പാലോട് ഡിപ്പോകളിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന മുഴുവൻ സർവ്വീസുകളുടെയും വിശദവിവരം സമയക്രമം ഉൾപ്പെടെ അറിയിക്കുമോ ;

(ബി) പ്രസ്തുത സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ഓരോ ഡിപ്പോയിലും എത്ര ബസ്സുകളുടെ കുറവാണുള്ളതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത കുറവ് പരിഹരിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

<u>കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവിംഗ് ടെസ്റ്റ് സംവിധാനം</u>

2313 ശ്രീ. സി.പി.മുഹമ്മദ്
,, റ്റി.എൻ.പ്രതാപൻ
,, വി.ഡി.സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവിഗ് ടെസ്റ്റ് സംവിധാനം നടപ്പിലാക്കി വരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിലെ അഴിമതികൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്;

(ഡി) ഇത് സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

വാഹനാപകടങ്ങളുടെ അടിസ്ഥാന കാരണങ്ങൾ

2314 ശ്രീ. പി.കെ. ബഷീർ
,, റ്റി.എ. അഹമ്മദ് കബീർ
,, കെ. എം. ഷാജി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദിനം പ്രതിയുണ്ടാകുന്ന വാഹനാപകടങ്ങളുടെ അടിസ്ഥാന കാരണങ്ങളെക്കുറിച്ച് താരതമ്യ പഠനം നടത്താറുണ്ടോ;

(ബി) വാഹനത്തിന്റെ മെക്കാനിക്കൽ ഡിഫക്ട്, ഡ്രൈവറുടെ അശ്രദ്ധ, അമിത വേഗം, വിശ്രമരഹിതമായും ഉറക്കമിളച്ചുമുളള ഡ്രൈവിംഗ്, മദ്യപിച്ചുളള ഡ്രൈവിംഗ്, റോഡിന്റെയും സിഗ്നലിംഗിന്റെയും പ്രകാശ സംവിധാനത്തിന്റെയും തകരാർ എന്നിവയിൽ ഏതിനാണ് മുഖ്യ സ്ഥാനമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) 2012 ഡിസംബറിൽ മോട്ടോർ വാഹന വകുപ്പ് പരിശോധിച്ചതും മനുഷ്യ ജീവൻ നഷ്ടമായതുമായ ഓരോ അപകടങ്ങൾക്കു ഇടയാക്കിയതായി കണ്ടെത്തിയിട്ടുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

<u>പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ബസ്സ് മാറി കയറുന്നതിന് സൗകര്യം</u>

2315 ശ്രീ. ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, ഡൊമനിക് പ്രസന്റേഷൻ
,, വി.പി.സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ബസ്സ് മാറി കയറുന്ന രീതിയിൽ കെ.എസ്.ആർ.ടി.സി സർവ്വീസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ;

(സി) ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളിലാണ് പ്രസ്തുത സൗകര്യം നിലവിലുള്ളത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത സംവിധാനം നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി ബസുകൾക്ക് വാതിൽ നിർബന്ധമാക്കാൻ നടപടി

2316 ശ്രീ. എ.എ.അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ബസുകൾക്ക് അടയ്ക്കാനും തുറക്കാനും സൗകര്യമുള്ള വാതിൽ ഉണ്ടായിരിക്കണമെന്ന് നിബന്ധനയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി യുടെ സർവ്വീസ് നടത്തുന്ന എത്ര ബസുകൾക്കാണ് ഇത്തരം വാതിൽ ഇല്ലാത്തതെന്ന് വ്യക്തമാക്കുമോ;

(സി) അപകടങ്ങൾ ഒഴിവാക്കുന്നതിനായി എല്ലാ കെ.എസ്.ആർ.ടി.സി ബസുകൾക്കും അടയ്ക്കാനും തുറക്കാനും സൗകര്യമുള്ള വാതിൽ നിർബന്ധമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ചാത്തന്നൂർ ഡിപ്പോയിൽ നിന്ന് റിംഗ് സർവ്വീസ്</u>

2317 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ കേന്ദ്രീകരിച്ച് റിംഗ് സർവ്വീസ് ആരംഭിക്കുന്നതിലേക്ക് അപേക്ഷ ലഭിച്ചിരുന്നുവോ; പ്രസ്തുത അപേക്ഷ പരിഗണിച്ച് റിംഗ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

**ആലപ്പുഴ, എടത്വ, ചങ്ങനാശ്ശേരി ഡിപ്പോകളിൽ നിന്നുള്ള ലാഭകരമല്ലാത്ത ഷെഡ്യൂളുകൾ**

2318 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ, എടത്വ, ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നുള്ള ഏതെല്ലാം ഷെഡ്യൂളുകൾ നഷ്ടത്തിലാണെന്ന് ഡിപ്പോ തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഷെഡ്യൂളുകൾ ലാഭകരമാക്കുവാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ ഡിപ്പോകളിൽ നിന്ന് നിർത്തലാക്കിയിട്ടുള്ള ബസ് സർവ്വീസുകൾ</u>

2319 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാലക്കാട് ജില്ലയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്ന് സർവ്വീസ് നടത്തുന്ന എത്ര ബസ്സുകളാണ് നിർത്തലാക്കിയിട്ടുള്ളത്;

(ബി) ഏതെല്ലാം റൂട്ടുകളിലെ സർവ്വീസാണ് നിർത്തലാക്കിയതെന്ന് വിശദീകരിക്കാമോ;

(സി) സർവ്വീസുകൾ നിർത്തലാക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>മുടങ്ങിക്കിടക്കുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി</u>

2320 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-ഒറ്റപ്പാലം റൂട്ടിൽ 16 ഷെഡ്യൂളുകൾ ബസ് സർവ്വീസ് നടത്തുന്നതിനായി കെ.എസ്.ആർ.ടി.സി. അനുമതി നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വീസുകൾ എന്നേക്ക് ആരംഭിക്കുവാൻ കഴിയും;

(സി) തൃശ്ശൂർ-കാഞ്ഞിരപ്പുഴ-ഷൊർണൂർ-ഒറ്റപ്പാലം വഴി നടത്തിയിരുന്ന ഓർഡിനറി സർവ്വീസ് ദീർഘകാലമായി മുടങ്ങിയത് പുനരാരംഭിക്കുമോ; എങ്കിൽ എന്ന് പുനരാരംഭിക്കാൻ കഴിയുമെന്ന് വിശദീകരിക്കാമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) തൃശ്ശൂർ-മണ്ണാർക്കാട് ഓർഡിനറി സർവ്വീസ് മുടങ്ങികിടക്കുന്നത് പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നേക്ക് ബസ് സർവ്വീസ് പുനരാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികൾ നേരിടുന്ന യാത്രാ ക്ലേശം

2321 ശ്രീ. എം. ഉമ്മർ
,, പി. ഉബൈദുള്ള
,, പി. കെ. ബഷീർ
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികൾ നേരിടുന്ന യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും നിശ്ചിത എണ്ണം കൺസഷൻ ടിക്കറ്റുകൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും കൺസഷൻ ടിക്കറ്റ് നൽകുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് സ്റ്റുഡന്റ്സ് ഓൺലി ബസ്സുകൾ ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ഡീസല്‍ പ്രതിസന്ധി പരിഹരിയ്ക്കാന്‍
കെ. എസ്. ആര്‍. ടി. സി. യ്ക്ക് അനുവദിച്ച തുക

2322 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്രസര്‍ക്കാര്‍ കെ. എസ്.ആര്‍. ടി. സി.ക്ക് നല്‍കിയിരുന്ന ഡീസല്‍ സബ്സിഡി റദ്ദാക്കിയ തീരുമാനം സംസ്ഥാന സര്‍ക്കാരിനെ രേഖാമൂലം അറിയിച്ചിരുന്നുവോ; എങ്കില്‍ എന്നാണ് അറിയിച്ചതെന്നും അറിയിപ്പിന്റെ പകര്‍പ്പും ലഭ്യമാക്കാമോ;

(ബി) കെ. എസ്.ആര്‍. ടി. സി.ക്ക് നല്‍കിയിരുന്ന ഡീസല്‍ സബ്സിഡി റദ്ദാക്കിയതുവഴി ഓരോ ഡിപ്പോയിലും എത്ര ട്രിപ്പ് മുടങ്ങിയെന്നും ഇതിലൂടെ കെ. എസ്. ആര്‍. ടി. സി.ക്ക് എത്ര രൂപയുടെ നഷ്ടമുണ്ടായെന്നും വിശദമാക്കാമോ;

(സി) കെ. എസ്.ആര്‍. ടി. സി. യില്‍ രൂപപ്പെട്ട ഡീസല്‍ പ്രതിസന്ധി പരിഹരിക്കാന്‍ ഇതിനകം എത്ര തുക അനുവദിച്ചെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തുക ഉപയോഗിച്ച് എത്ര ദിവസം കെ. എസ്.ആര്‍. ടി. സി. പ്രവര്‍ത്തിപ്പിക്കുവാന്‍ കഴിയുമെന്ന് വിശദമാക്കാമോ;

(ഇ) പൊതുഗതാഗത മേഖലയിലെ നിലവിലെ പ്രതിസന്ധി ചര്‍ച്ച ചെയ്യാന്‍ ഗതാഗത വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഇന്നേവരെ എത്ര തവണ ഡല്‍ഹിയില്‍ പോയെന്നും ആരെല്ലാമായി ചര്‍ച്ച നടത്തിയെന്നും വിശദമാക്കാമോ;

(എഫ്) പ്രസ്തുത ചര്‍ച്ചയുടെ ഫലമായി കേന്ദ്രം എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>റദ്ദാക്കപ്പെട്ട ഷെഡ്യൂളുകൾ</u>

2323 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽ സബ്സിഡി റദ്ദാക്കിയതുകാരണം തിരുവനന്തപുരം സിറ്റി, പാപ്പനംകോട് എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ റദ്ദാക്കപ്പെട്ട ഷെഡ്യൂളുകളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം റദ്ദാക്കപ്പെട്ട ഷെഡ്യൂളുകളിൽ ഏതെങ്കിലും പുന:സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>അനധികൃതമായി സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതിനെതിരെ നടപടി</u>

2324 ശ്രീ. എളമരം കരീം
,, പി.കെ. ഗുരുദാസൻ
,, സാജു പോൾ
ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽവില വർദ്ധന കാരണം കെ.എസ്.ആർ.ടി.സി റൂട്ട് കട്ട് ചെയ്തത് മുതലെടുത്ത് ദേശസാൽകൃത റൂട്ടുകളിലടക്കം സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(സി) ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതിനെതിരെ കോടതി വിധികൾ നിലനിൽക്കെ, സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകിയതായ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതിൽ അഴിമതി നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ദേശസാൽകൃത റൂട്ടുകളിലടക്കം അനധികൃതമായി സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകിയതിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ഡീസല്‍ സബ്സിഡി റദ്ദാക്കിയതിന് ശേഷം പ്രൈവറ്റ് ബസ്സുകള്‍ക്ക് നല്കിയ പെര്‍മിറ്റ്

2325 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്. ആര്‍.ടി.സി യുടെ ഡീസല്‍ സബ്ഡിഡി റദ്ദാക്കിയതിന് ശേഷം നാളിതുവരെ എത്ര പ്രൈവറ്റ് ബസ്സുകള്‍ക്ക് പെര്‍മിറ്റ് നല്‍കിയെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുഷേം എത്ര തവണ ബസ്സ് ചാര്‍ജ്ജ് വര്‍ദ്ധിപ്പിച്ചെന്നും ഏതൊക്കെ തലങ്ങളില്‍ എത്ര തുകയാണ് വര്‍ദ്ധിപ്പിച്ചതെന്നും വിശദമാക്കുമോ ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ റദ്ദാക്കിയ കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ</u>

2326 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽ ക്ഷാമത്തെത്തുടർന്ന് പാലക്കാട് ജില്ലയിൽ കെ.എസ്.ആർ.ടി.സി. യുടെ എത്ര ഷെഡ്യൂളുകളാണ് നാളിതുവരെ റദ്ദാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത ഇന്ധനപ്രതിസന്ധി തീർക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പാലക്കാട് ജില്ലയിൽ ഷെഡ്യൂളുകൾ റദ്ദാക്കിയതിനെത്തുടർന്ന് കെ.എസ്.ആർ.ടി.സി. യുടെ വരുമാനത്തിൽ പ്രതിദിനമുണ്ടായിട്ടുള്ള കുറവ് എത്രയാണ്;

(ഡി) പാലക്കാട് ജില്ലയിലെ ഉൾനാടൻ പ്രദേശങ്ങളിലെ പൊതുഗതാഗതം സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>പൊന്നാനി കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് പുറകിലുള്ള ജനവാസ കേന്ദ്രത്തിലേക്ക് വഴി</u>

2327 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ തെക്കുവശത്തു കൂടി ഡിപ്പോയ്ക്കു പുറകിലുള്ള ജനവാസ കേന്ദ്രത്തിലേക്ക് പോകുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ സ്ഥലത്തുനിന്നും 6 അടി വീതിയിൽ ഏകദേശം 15.5 സെന്റ് വിട്ടുകൊടുക്കാനുള്ള തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇതിനായി സർക്കാർ ഉത്തരവിറങ്ങിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഉത്തരവിറക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

**അങ്കമാലി ഡിപ്പോയിലേക്കുള്ള പ്രവേശന കവാടത്തിനുവേണ്ടിയുള്ള സ്ഥലമെടുപ്പ്**

2328 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി കെ.എസ്.ആർ.ടി. സി ഡിപ്പോയിലേക്കുള്ള പ്രവേശനകവാടത്തിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികളുടെ സ്ഥിതി വിശദമാക്കുമോ ;

(ബി) സ്ഥലമെടുപ്പ് നടപടികൾ ദ്രുതഗതിയിലാക്കുന്ന കാര്യത്തിൽ ഗതാഗത വകുപ്പ് കാണിക്കുന്ന അലംഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ യുദ്ധകാലാടിസ്ഥാനത്തിൽ ഈ പ്രവൃത്തി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. യിൽ നിന്നും വിരമിച്ച തൊഴിലാളികൾക്കു കൊടുത്തുതീർക്കുവാനുള്ള ആനുകൂല്യങ്ങൾ</u>

2329 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ച എത്ര തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കൊടുത്തുതീർക്കാനുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) പെൻഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി. പ്രതിവർഷം എത്ര തുക ചെലവഴിക്കുന്നുവെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യിലെ നിയമനങ്ങൾ

2330 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ നിലവിൽ ആകെ എത്ര സ്ത്രീ/പുരുഷ ജീവനക്കാർ ഉണ്ട്; ഇവരിൽ പി.എസ്.സി. മുഖേന നിയമനം നേടിയ സ്ഥിരം ജീവനക്കാർ, ഡൈ ഇൻഹാർനസ് മുഖേന നിയമിതരായ സ്ഥിരം ജീവനക്കാർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിതരായി മന്ത്രിസഭാ തീരുമാനം വഴി സ്ഥിരം ജീവനക്കാരായവർ എന്നിവരുടെ തസ്തിക തിരിച്ചുള്ള എണ്ണവും മറ്റേതെങ്കിലു മാർഗ്ഗത്തിലൂടെ സ്ഥിരമാക്കപ്പെട്ട ജീവനക്കാരുണ്ടെങ്കിൽ അവർ സ്ഥിരമാക്കപ്പെട്ട മാർഗ്ഗവും അവരുടെ തസ്തിക തിരിച്ചുള്ള എണ്ണവും അറിയിക്കുമോ;

(ബി) ദിവസക്കൂലി അടിസ്ഥാനത്തിലും കോൺട്രാക്ട് അടിസ്ഥാനത്തിലും ഉള്ള ജീവനക്കാർ എത്ര; ഇവരെ സ്തിരപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇനിയും ഈ സ്ഥാപനത്തിൽ സ്ഥിരനിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്രപേരെ വീതം സ്ഥിരപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 13.02.2013–ലെ മറുപടിക്ക്

ഡ്രൈവര്‍, കണ്ടക്ടര്‍ തസ്തികകളിലേക്കുള്ള നിയമന നടപടികള്‍

2331 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടിസി ഡ്രൈവര്‍, കണ്ടക്ടര്‍ തസ്തികകളിലേക്കുള്ള നിയമന നടപടികള്‍ ഇപ്പോള്‍ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളില്‍ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എത്ര ഒഴിവുകള്‍ പി.എസ്.സി ക്ക് റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

കേരള റോഡ് സുരക്ഷാ നിയമം അനുസരിച്ചുള്ള പ്രവർത്തനങ്ങൾ

2332 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് സുരക്ഷാ നിയമം എന്നാണ് നിലവിൽ വന്നത്;

(ബി) പ്രസ്തുത നിയമം അനുസരിച്ച് എപ്രകാരമാണ് ഫണ്ട് സമാഹരിക്കുന്നത്;

(സി) റോഡ് സുരക്ഷാ ഫണ്ടിൽ ഇപ്പോൾ എത്ര തുക നീക്കിയിരുപ്പുണ്ട്;

(ഡി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം സുരക്ഷാ പ്രവർത്തനങ്ങൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്; എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് ഇതിനകം നടന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ഇ) സമയബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്ന സംവിധാനത്തിന്റെ പോരായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പോരായ്മ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദീകരിക്കുമോ?

## കേരള നിയമസഭ
## 13.02.2013–ലെ മറുപടിക്ക്

<u>വാഹനപ്പെരുപ്പം സംബന്ധിച്ച കണക്കുകൾ</u>

T2333 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാഹനപ്പെരുപ്പത്തെക്കുറിച്ചും അതുണ്ടാക്കുന്ന കാർബൺ നിർഗമനത്തെക്കുറിച്ചും വായു-ശബ്ദ മലിനീകരണത്തെക്കുറിച്ചും എന്തെങ്കിലും പഠനം നടക്കുന്നുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണെന്നും പഠനത്തിൽ ഇതിനകം വെളിപ്പെട്ട സംഗതികൾ എന്തെല്ലാമെന്നും വിശദമാക്കുമോ;

(ബി) കഴിഞ്ഞ പത്ത് വർഷത്തെ വാഹനപ്പെരുപ്പം സംബന്ധിച്ച സ്റ്റാറ്റിസ്റ്റിക്സ് ലഭ്യമാക്കാമോ; വർധനയുടെ ശതമാനത്തോത് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ശബരിമല 'സേഫ്സോൺ' പദ്ധതി</u>

2334 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടന കാലയളവിൽ പത്തനംതിട്ട ജില്ലയിൽ ഏർപ്പെടുത്തിയ 'സേഫ് സോൺ' പദ്ധതി വിജയകരമായിരുന്നു എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പദ്ധതി നടപ്പാക്കിയ ശേഷം പ്രസ്തുത മേഖലയിൽ എത്രമാത്രം വാഹനാപകടങ്ങളും ആയതുമൂലം ഉണ്ടായിട്ടുള്ള മരണനിരക്കും കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി വിജയകരമെങ്കിൽ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

വാഹനങ്ങളുടെ സൺഗ്ലാസ് നീക്കം ചെയ്യുന്നതിന് നടപടി

2335 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ സൺഗ്ലാസ്സ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട കോടതി ഉത്തരവ് നിലവിൽവന്നത് എന്നാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സൺഗ്ലാസ്സ് പതിച്ച വാഹനങ്ങൾ ഇപ്പോഴും നിരത്തിലിറങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വാഹനങ്ങളുടെ നമ്പർ പ്ലേറ്റിന്റെ സ്പെസിഫിക്കേഷൻ</u>

2336 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ നമ്പർ പ്ലേറ്റിന്റെ നിശ്ചിത സ്പെസിഫിക്കേഷൻ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; സ്പെസിഫിക്കേഷൻ പ്രകാരമുള്ള നമ്പർ പ്ലേറ്റ് പ്രദർശിപ്പിക്കാത്ത വാഹന ഉടമകൾക്കെതിരെ സ്വീകരിക്കുന്ന നടപടികളെന്തെല്ലാം;

(ബി) സർക്കാർ വാഹനങ്ങളിലും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടെ വാഹനങ്ങളിലും പ്രദർശിപ്പിക്കാവുന്ന വകുപ്പ്/ഡസിഗ്നേഷൻ ബോർഡുകളുടെ സ്പെസിഫിക്കേഷൻ സംബന്ധിച്ച വിശദവിവരം നല്കാമോ;

(സി) ഇതിനു സമാന നിറത്തിലും വലിപ്പത്തിലും സ്വകാര്യ, ജാതി മത രാഷ്ട്രീയ സാമൂഹ്യ സംഘടനകളുടെ പേരിൽ വാഹനങ്ങളിൽ ബോർഡുകൾ പ്രദർശിപ്പിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമലംഘനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ആർ.ടി. ഓഫീസുകളിലെ ഇ-പേമെന്റ് സംവിധാനം

2337 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.ടി. ഓഫീസുകളിൽ ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കി ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഓഫീസുകളിലെ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഓഫീസുകളിലെ അഴിമതി തടയുന്നതിനായി മിന്നൽ പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>മോട്ടോർ വാഹന വകുപ്പിൽ പ്രത്യേക എൻഫോഴ്സ്മെന്റ് വിഭാഗം</u>

2338 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹനാപകടങ്ങൾ കുറക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിൽ പ്രത്യേക എൻഫോഴ്സ്മെന്റ് വിഭാഗം രൂപികരിക്കണമെന്ന റിപ്പോർട്ടിൻ മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(ബി) പ്രസ്തുത വകുപ്പിലെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും വാഹനാപകടങ്ങൾ കുറക്കുന്നതിനുമായി എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തണമെന്ന് സി.ആന്റ് എ.ജി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(സി) മോട്ടോർ വാഹന വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനും വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ്</u>

2339 ശ്രീമതി പി.അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനായി, മോട്ടോർ വാഹന വകുപ്പിൽ 47 എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കുന്നതിനായി മുൻ ട്രാൻസ്പോർട്ട് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൻമേൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ട് രണ്ട് മാസത്തിനുള്ളിൽ നടപ്പാക്കണമെന്ന് ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ബഹു.ഹൈക്കോടതി ഇപ്രകാരം നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആയത് നടപ്പാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>മോട്ടോർ വാഹനവകുപ്പിലെ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തനം</u>

2340 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിലെ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ എത്ര തുകയുടെ റവന്യൂ വരുമാനമാണ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് പിരിച്ചെടുത്തിട്ടുളളത് എന്നറിയിക്കുമോ;

(സി) സബ് ആർ.ടി. ഓഫീസുകളിൽക്കൂടി അനുബന്ധ സ്ക്വാഡിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>റൂറൽ ആർ.ടി.ഓഫീസുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്മേലുള്ള നടപടികൾ</u>

2341 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൂന്ന് റൂറൽ ആർ.ടി. ഓഫിസുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്മേലുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത ആഫീസുകളുടെ പ്രവർത്തനം എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത ആഫീസുകളുടെ പ്രവർത്തനത്തിന് എത്ര തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടി വരുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

മോട്ടോർ വാഹന വകുപ്പിലെ റീസ്ട്രക്ച്ചറിംഗ്

2342 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ റീസ്ട്രക്ച്ചറിംഗ് സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഇതുമൂലം എത്ര തസ്തികകൾ പുതിയതായി സൃഷ്ടിക്കാൻ നിശ്ചയിച്ചിട്ടുണ്ട്; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) റീസ്ട്രക്ച്ചറിംഗിലൂടെ എന്ത് തുകയുടെ അധിക വരുമാനം സർക്കാരിന് ലഭ്യമാകും എന്ന് പ്രതീക്ഷിക്കുന്നു ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

മോട്ടോർ വാഹനവകുപ്പിൽ ജീവനക്കാരുടെ കുറവ്

2343 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാഹനങ്ങളുടെ എണ്ണം ഇപ്പോൾ എത്ര; പ്രതിമാസം എത്ര വാഹനങ്ങളാണ് ശരാശരി പുതുതായി നിരത്തിലെത്തുന്നത്; ഏറ്റവും കൂടുതൽ വാഹനങ്ങൾ രജിസ്ട്രേഷൻ നടക്കുന്നത് ഏത് ജില്ലയിൽ; വ്യക്തമാക്കുമോ;

(ബി) നികുതി കുടിശ്ശിക പിരിച്ചെടുക്കാനുള്ള പ്രവർത്തനം ജീവനക്കാരുടെ അഭാവംമൂലം പാതിവഴിയിലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടുവോ; വിശദമാക്കുമോ;

(സി) വാഹനനികുതി കുടിശ്ശികയിനത്തിൽ എന്ത് തുക 2013 ജനുവരി 31 വരെ പിരിച്ചെടുക്കാനുണ്ട്; വിശദമാക്കുമോ;

(ഡി) ഫാസ്റ്റ് ട്രാക്ക് പോലെയുള്ള പല പദ്ധതികൾക്കും ഉദ്ദേശിച്ച വിജയം കണ്ടെത്താൻ ജീവനക്കാരുടെ അഭാവം മൂലം കഴിയുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടുവോ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

മോട്ടോർ വാഹനവകുപ്പിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി

2344 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിലെ നികുതികുടിശ്ശിക പിരിച്ചെടുക്കുന്നതിനും, വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനുമായി കൂടുതൽ ജീവനക്കാരെ നിയമിക്കണമെന്ന് സി. ആൻഡ് എ.ജി. തുടർച്ചയായി റിപ്പോർട്ടുകൾ നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം മതിയായ ജീവനക്കാരെ നിയമിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>മോട്ടോർ വാഹനവകുപ്പിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കൽ</u>

2345 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പ് റീ സ്ട്രക്ചറിംഗ് നടത്തുന്നതിനായി മുൻ ട്രാൻസ്പോർട്ട് കമ്മീഷണർ കെ. എസ്. ബാലസുബ്രഹ്മണ്യം സമർപ്പിച്ച റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) റീ സ്ട്രക്ചറിംഗിനായി പുതുതായി എത്ര തസ്തികകൾ സൃഷ്ടിക്കണമെന്നാണ് പ്രസ്തുത റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നത്; അതനുസരിച്ച് നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

(സി) റീ സ്ട്രക്ചറിംഗ് നടപടികൾ എത്ര നാളിനുള്ളിൽ പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; സമയബന്ധിതമായി പ്രസ്തുത നടപടി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മോട്ടോർ വാഹനവകുപ്പിലെ സാങ്കേതികവിഭാഗം ജീവനക്കാരുടെ അപര്യാപ്തതമൂലം വകുപ്പിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾക്ക് കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) 1975-ൽ നിലവിൽവന്ന സ്റ്റാഫ് പാറ്റേൺ, ഇപ്പോഴുള്ള വാഹനങ്ങളുടെ വർദ്ധനവിനനുസരിച്ച് പരിഷ്കരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്
<u>മോട്ടോർ വാഹനവകുപ്പിൽ പുതിയ തസ്തികകൾ</u>

2346 ശ്രീമതി ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിൽ 529 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി 2012 സെപ്തംബർ മാസം 26-ാം തീയതി മന്ത്രിസഭയുടെ പരിഗണനയ്ക്കുവന്ന ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ക്യാബിനറ്റിന്റെ പരിഗണനയ്ക്കുവന്ന പ്രസ്തുത ഫയലിൻമേൽ എടുത്ത തീരുമാനം ഉത്തരവായി പുറപ്പെടുവിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

മോട്ടോർ വാഹനവകുപ്പിൽ സാങ്കേതികവിഭാഗം ഉദ്യോഗസ്ഥരെ നിയമിക്കൽ

2347 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ഡിസംബർ 31 വരെ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങളുടെ എണ്ണം ഇനംതിരിച്ച് വ്യക്തമാക്കുമോ;

(ബി) മോട്ടോർ വാഹനവകുപ്പിലെ 2012 ഡിസംബർ മാസം വരെയുള്ള കാലയളവിലെ വാഹനനികുതി കുടിശ്ശിക എത്രയാണെന്ന് അറിയിക്കുമോ;

(സി) വാഹനവർദ്ധനവിന് ആനുപാതികമായി സാങ്കേതികവിഭാഗം ഉദ്യോഗസ്ഥരുടെ വർദ്ധനവ് മോട്ടോർ വാഹനവകുപ്പിൽ ഉണ്ടായിട്ടുണ്ടോ;

(ഡി) മതിയായ സാങ്കേതികവിഭാഗം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ഇ) അടിയന്തിരമായി പ്രസ്തുത വിഭാഗം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടിയുണ്ടാകുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>മോട്ടോർ വാഹനവകുപ്പിലെ ഡ്രൈവർമാരുടെ ഒഴിവുകൾ</u>

2348 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിൽ ആവശ്യത്തിന് ഡ്രൈവർമാരില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡ്രൈവർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഡ്രൈവർമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

ഓട്ടോറിക്ഷാ ടാക്സികളിൽ മീറ്റർ ബില്ലിംഗ് സമ്പ്രദായം

2349 ശ്രീ. എം. ഉമ്മർ
,, എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓട്ടോറിക്ഷ ടാക്സികളിൽ മീറ്റർ ബില്ലിംഗ് സമ്പ്രദായം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) പ്രസ്തുത മീറ്റർ ഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉത്തരവുകൾ നിലവിലുണ്ടോ ;

(സി) പ്രസ്തുത മീറ്റർ പരിശോധിക്കുന്നതിന് ഏത് വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ;

(ഡി) യാത്രക്കാർക്ക് നൽകുന്ന ബില്ലുകളിൽ എന്തെല്ലാം വിവരങ്ങളാണ് ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് തിരിച്ചറിയൽ കാർഡ്

2350 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓട്ടോറിക്ഷാ ഡ്രൈവർമാർ മീറ്റർ പ്രവർത്തിപ്പിക്കാതെ യാത്രക്കാരിൽ നിന്നും അമിതചാർജ്ജ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അമിത് ചാർജ്ജ് ഈടാക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന സംവിധാനം നിലവിലുണ്ടോ ;

(ഡി) എങ്കിൽ അതിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ വിശദീകരിക്കുമോ ;

(ഇ) ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കുവാൻ നടപടി സ്വീകരിക്കുമോ വിശദാംശം നൽകുമോ?